"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

മത്സ്യബന്ധന വകുപ്പ്- മത്സ്യത്തൊഴിലാളികളുടെ മക്കളായ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ആനുകൂല്യം, സ്കിൽ ട്രെയിനിംഗ്, കോച്ചിംഗ് ഫീസ് എന്നിവ അനുവദിക്കുന്ന **2405-00-103-80** (പ്ലാൻ) ശീർഷകത്തിന്റെ സീലിംഗ് പരിധി ഉയർത്തി തുക അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**മത്സ്യബന്ധന തുറമുഖ (സി) വകുപ്പ്**

സ.ഉ.(സാധാ) നം.**196/2026/F&P** തീയതി,തിരുവനന്തപുരം, **06-03-2026**

---

പരാമർശം:- ഫിഷറീസ് ഡയറക്ടറുടെ **31/12/2025**-ലെ **DFTVM/3482/2025-N2** നമ്പർ കത്ത്.

**ഉത്തരവ്**

**2405-00-103-80** (പ്ലാൻ) ശീർഷകത്തിൽ സീലിംഗ് പരിധി നിശ്ചയിച്ചിട്ടുള്ളതിനാൽ വിദ്യാതീരം പദ്ധതി പ്രകാരം **2025-26** വർഷത്തിൽ മത്സ്യത്തൊഴിലാളികളുടെ മക്കൾക്കുള്ള സൗജന്യ മെഡിക്കൽ എൻട്രൻസ് പരിശീലന പദ്ധതിയിൽ വിദ്യാർത്ഥികളുടെ കോഴ്സ് ഫീസ്, സ്റ്റഡി മെറ്റീരിയൽ ഫീസ്, ഹോസ്റ്റൽ ഫീസ് എന്നിവ അനുവദിച്ചു നൽകുന്നതിന് **74,34,360/-** രൂപയും, ഗവണ്മെന്റ് റീജിയണൽ ഫിഷറീസ് ടെക്നിക്കൽ സ്ക്കൂളുകളുടെ മെസ്സ് പ്രവർത്തനത്തിനുൾപ്പെടെയുള്ള ഓപ്പറേഷണൽ എക്സ്പൻസസ് ഇനത്തിൽ സ്ക്കൂളുകൾക്ക് അനുവദിക്കാനുള്ള **31,20,814/-** രൂപയും ചേർത്ത് ആകെ **1,05,55,174/-** രൂപ അനുവദിക്കുവാൻ സാധിക്കുന്നില്ലെന്ന് പരാമർശ പ്രകാരം ഫിഷറീസ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു. ജി.ആർ.എഫ്.ടി.എച്ച്.എസ് സ്കൂളുകളുടെ അടുത്ത **3** മാസത്തെ മെസ്സ് ചെലവുകൾ അനുവദിച്ചു നൽകിയില്ലെങ്കിൽ കുട്ടികളെ ടി സ്കൂളുകളിൽ താമസിച്ച് പഠിപ്പിക്കുന്നതിന് കഴിയുകയില്ലെന്നും ഫിഷറീസ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. ആയതിനാൽ, **1,05,55,174/-** രൂപ അനുവദിച്ചു നൽകണമെന്നും, കുട്ടികളുടെ വിദ്യാഭ്യാസ ആനുകൂല്യം, കോച്ചിംഗ് ഫീസ്, സ്കിൽ ട്രെയിനിംഗ് എന്നിവയ്ക്കുള്ള തുക അനുവദിക്കാനുള്ള **2405-00-103-80** (പ്ലാൻ) ശീർഷകത്തിന് സീലിംഗ് ഇളവ് അനുവദിക്കണമെന്നും ഫിഷറീസ് ഡയറക്ടർ പരാമർശ പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. **2405-00-103-80** (പ്ലാൻ) ശീർഷകത്തിന്റെ സീലിംഗ് പരിധി **66.55%** ആയി സർക്കാർ ഉയർത്തിയിട്ടുള്ള സാഹചര്യത്തിൽ, വിദ്യാതീരം പദ്ധതി പ്രകാരം **2025-26** വർഷത്തിൽ മത്സ്യത്തൊഴിലാളികളുടെ മക്കൾക്കുള്ള സൗജന്യ മെഡിക്കൽ എൻട്രൻസ് പരിശീലന പദ്ധതിയിൽ വിദ്യാർത്ഥികളുടെ കോഴ്സ് ഫീസ്, സ്റ്റഡി മെറ്റീരിയൽ ഫീസ്, ഹോസ്റ്റൽ ഫീസ് എന്നിവ അനുവദിച്ചു നൽകുന്നതിന് **74,34,360/-** രൂപയും, ഗവണ്മെന്റ് റീജിയണൽ ഫിഷറീസ് ടെക്നിക്കൽ സ്ക്കൂളുകളുടെ മെസ്സ് പ്രവർത്തനത്തിനുൾപ്പെടെയുള്ള

ഓപ്പറേഷണൽ എക്സ്പൻസസ് ഇനത്തിൽ സ്ക്കൂളുകൾക്ക് അനുവദിക്കാനുള്ള **31,20,814/-** രൂപയും ചേർത്ത് ആകെ **1,05,55,174/-** രൂപ **2405-00-103-80** (പ്ലാൻ) ശീർഷകത്തിൽ നിന്നും അനുവദിക്കുന്നതിന് ഫിഷറീസ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അബ്ദുൾ നാസർ ബി ഐ എ എസ്
സ്പെഷ്യൽ സെക്രട്ടറി

ഫിഷറീസ് ഡയറക്ടർ , തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ & ഇ) കേരളം, തിരുവനന്തപുരം.
ധനകാര്യ (ഡബ്ല്യു & സി.ഡി) വകുപ്പ് (No.3386002/WCD-2/12/2026-FIN തീയതി 23/02/2026 പ്രകാരം)
വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ് (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (C2/1/2026/മതുവ നമ്പർ ഫയൽ പ്രകാരം)

ഉത്തരവിൻ പ്രകാരം

**Signed by Sabitha Shiju**
**Date: 06-03-2026 16:45:29**
സെക്ഷൻ ഓഫീസർ